## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ - ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 നവംബർ 8, വെള്ളി

**നമ്പർ 191**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

തെറ്റായ രീതിയിൽ നികുതി കണക്കാക്കി അയച്ച നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് ഒരു വ്യാപാരി ആത്മഹത്യ ചെയ്യാൻ ഇടയായ സംഭവം സംസ്ഥാനത്തെ വ്യാപാരികൾക്കിടയിൽ സൃഷ്ടിച്ചതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങൾക്ക് കൈമാറിയ ഭൂമി സർവ്വേ ചെയ്യുന്നതിനും ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി തിരിച്ചെടുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. ദിവാകരൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ അങ്കണവാടികളിൽ ചേരുന്ന കുട്ടികളുടെ എണ്ണം കുറയുന്നതുമൂലം അവിടെ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾ ഉപയോഗിക്കപ്പെടാതെ പോകുന്നതിലേക്ക് ശ്രീ. കെ. എസ്. ശബരീനാഥൻ ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1465/2019 (i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. രാജൻ | വെള്ളാനിക്കര സി.എച്ച്.സി. കുടുംബാരോഗ്യകേന്ദ്രമാക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി |
| 2 | ശ്രീ. എം. സ്വരാജ് | ബി.എസ്.എൻ.എൽ.-ലെ കരാർ തൊഴിലാളികൾക്ക് വേതനം ലഭിക്കാത്തത് | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. എൻ. ഷംസീർ | തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. അൻവർ സാദത്ത് | പുറയാർ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ചട്ടം 118 അനുസരിച്ചുള്ള ഗവണ്മെന്റ് പ്രമേയം :

ഗതാഗതവകുപ്പ് മന്ത്രി ശ്രീ.എ.കെ.ശശീന്ദ്രൻ ചട്ടം 118 പ്രകാരം താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു:

കേരളത്തെയും കർണാടകയേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച്. 766. ഈ പാതയിൽ 2009 മുതൽ രാത്രികാല ഗതാഗതം നിരോധിച്ചിരിക്കുകയാണ്. വന്യമൃഗങ്ങളുടെ സ്വൈര വിഹാരത്തിന് തടസ്സം ഉണ്ടാക്കുന്നു എന്ന പേരിലാണ് മനുഷ്യരുടെ യാത്രാ സ്വാതന്ത്ര്യവും സൗകര്യവും തടഞ്ഞത്. ഇതുമൂലം വയനാട് ജില്ലയിലെ ബത്തേരി താലൂക്കിലുള്ള ജനങ്ങൾക്ക് ഗുണ്ടൽപേട്ട, മൈസൂർ എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്യണമെങ്കിൽ 100 കിലോമീറ്ററോളം അധികം യാത്ര ചെയ്യേണ്ടി വരുന്നു. ഗുണ്ടൽപേട്ട, നഞ്ചൻകോഡ്, കൊല്ലഗൽ മേഖലകളിൽ നിന്ന് ഇരുപതിനായിരത്തിൽ അധികം തൊഴിലാളികൾ തോട്ടം, നിർമ്മാണ മേഖലകളിൽ വയനാട്, കോഴിക്കോട്, മലപ്പുറം

ജില്ലകളിലായി ജോലി ചെയ്യുന്നു. പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ, നിർമ്മാണസാമഗ്രികൾ തുടങ്ങി പല ഉൽപ്പന്നങ്ങളും കേരളത്തിൽ നിന്നും കർണാടകത്തിലേക്കും തിരിച്ചും കൊണ്ടുപോകാൻ ഉപയോഗിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച്. 766.

നാല് ചുരങ്ങൾക്ക് മുകളിൽ സ്ഥിതിചെയ്യുന്ന ജില്ലയാണ് വയനാട്. കാലവർഷ ദുരന്തം ഉണ്ടാകുന്നവേളയിൽ ഒറ്റപ്പെടുന്ന വയനാട്ടിലേക്ക് ദുരിതാശ്വാസ പ്രവർത്തകർക്ക് എത്തിപ്പെടാനുള്ള സമതലത്തിലൂടെയുള്ള ഏക ഗതാഗത മാർഗ്ഗമാണ് എൻ.എച്ച്. 766. റെയിൽ ഗതാഗതമോ, ജലപാതയോ, വ്യോമഗതാഗതമോ ഒന്നുമില്ലാത്ത വയനാട്ടിൽ എൻ.എച്ച്. 766 ജനങ്ങളുടെ നിലനിൽപ്പിനുള്ള പാത കൂടിയാണ്.

ഈ സാഹചര്യത്തിൽ കേരള സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കുകയും രാത്രിയാത്രാനിരോധനം പിൻവലിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ബഹു. കോടതി ഈ കേസ് പരിഗണിച്ച് വരികയുമാണ്. ഇതിനിടയിൽ ബന്ദിപ്പൂർ വനമേഖലയിൽ 25 കിലോമീറ്ററിനുള്ളിൽ 5 ആകാശ പാതകൾ നിർമ്മിക്കുകയും ബാക്കി സ്ഥലങ്ങളിൽ റോഡിനിരുവശവും കമ്പിവേലി നിർമ്മിക്കുകയും ചെയ്താൽ രാത്രിയാത്രാ നിരോധനം പിൻവലിക്കാൻ കഴിയും എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ച വിദഗ്ധ സമിതിയുടെ യോഗത്തിൽ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ നിർദേശം സമർപ്പിച്ചിരുന്നു. ഈ പ്രോജക്റ്റിന് ഏകദേശം 500 കോടി രൂപയോളം ചെലവ് വരുമെന്നും ഈ തുക ദേശീയപാത വിഭാഗവും കേരളവും സംയുക്തമായി വഹിക്കണമെന്നും നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ ബജറ്റിൽ 250 കോടി രൂപ നീക്കി വച്ചിട്ടുള്ളതുമാണ്.

എന്നാൽ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ സുപ്രീം കോടതിയിൽ കേസ് പരിഗണനയ്ക്ക് വന്നപ്പോൾ ഈ പാത പകൽസമയവും അടച്ച് സംസ്ഥാന ഹൈവേ 90-ഉം 275-ഉം വികസിപ്പിച്ച് എൻ.എച്ച്. 766-ന് ബദൽപ്പാതയായി ഉപയോഗിച്ചുകൂടേയെന്ന് ചോദിച്ച ബഹു. കോടതി ഇതുസംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദേശം സത്യവാങ്മൂലമായി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. കേരള-തോൽപ്പെട്ടി വന്യജീവി സങ്കേതത്തിലൂടെയും കർണാടകയിലെ നാഗർഹോള ടൈഗർ റിസ്സർവ്വിലൂടെയും കടന്നുപോകുന്ന സംസ്ഥാന ഹൈവേ 275 ബദൽപ്പാതയല്ല വനത്തിലൂടെ തന്നെയുള്ള മറ്റൊരു പാതയാണ്. കഴിഞ്ഞ പത്തുവർഷമായി ദേശീയപാത 766-ൽ നിലനിൽക്കുന്ന രാത്രിയാത്ര നിരോധനം പകൽ കൂടി ഉണ്ടായേക്കുമെന്ന തരത്തിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ വയനാട്ടിലെ ജനങ്ങൾക്കിടയിൽ ആകെ അസ്വസ്ഥതയും പ്രതിഷേധവും സൃഷ്ടിച്ചിട്ടുണ്ട്.

ദേശിയ പാത 766-ലൂടെയുള്ള ജനങ്ങളുടെ യാത്രാ അവകാശം സംരക്ഷിക്കാനും വന്യമൃഗങ്ങളുടെ സൈ്വരവിഹാരം ഉറപ്പുവരുത്താനും ബദൽ നിർദ്ദേശങ്ങൾ കണ്ടെത്തണമെന്ന കേരളത്തിന്റെ അഭിപ്രായം മുഖ്യമന്ത്രി കേന്ദ്ര മന്ത്രിമാരുമായി പങ്കുവച്ചിട്ടുള്ളതാണ്. വാഹനങ്ങൾ കടന്നു പോകുന്ന ഇന്ത്യയിലെ അമ്പതോളം കടുവാ സങ്കേതങ്ങളിലൊന്നും കൊണ്ടുവരാത്ത നിയന്ത്രണം ഈ ദേശിയ പാതയിൽ മാത്രം കൊണ്ടുവരുന്നത് തികഞ്ഞ ജനദ്രോഹവും വിവേചനവുമാണ്. കേരളത്തിന്റെ നിർദ്ദേശങ്ങൾ പരിശോധിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയമിക്കാമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി മുഖ്യമന്ത്രിയ്ക്ക് ഉറപ്പുനൽകിയിരുന്നുവെങ്കിലും ഇതുവരെയും പ്രസ്തുത സമിതി രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വയനാട്ടിലെയും മലബാറിലെയും ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പുവരുത്താനും നിലവിലുള്ള യാത്രാ നിരോധനം നീക്കുവാനും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

പ്രമേയം സഭ പാസ്സാക്കി

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

മുഖ്യമന്ത്രിയും സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. പിണറായി വിജയൻ 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ, 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നല്കലും ബിൽ എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>അനൗദ്യോഗികാംഗങ്ങളുടെ കാര്യം</u> :

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) പൊതുതാല്പര്യമുള്ളസംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ.

ശ്രീ. മാത്യു ടി. തോമസ് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു:

സംസ്ഥാന/പ്രാദേശിക സർക്കാർ തലങ്ങളിൽ നടപ്പിലാക്കപ്പെടേണ്ടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ നിശ്ചയിക്കപ്പെടുന്നത് സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളെ നിറവേറ്റുന്നതിൽ വലിയ തോതിൽ പരിമിതികൾ സൃഷ്ടിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും തുലോം വിഭിന്നമായ കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക മേഖലകളിൽ നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സമ്പൂർണ്ണ നേട്ടം കൈവരിക്കാനാകാതെ വരുന്നത് കേന്ദ്ര മാനദണ്ഡങ്ങളുടെ അയവില്ലായ്മ മൂലമാണ്. എൻ.എച്ച്.എം., എസ്സ്.എസ്സ്.എ. പദ്ധതികൾ ഫലപ്രദമാക്കുന്നതിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൃഷി, കൃഷി അനുബന്ധ ഉത്പാദന മേഖലകളുമായി സംയോജിപ്പിച്ച് വലിയ നേട്ടം കൈവരിക്കുന്നതിലും തടസ്സങ്ങൾ നേരിടുകയാണ്.

സംസ്ഥാനത്തിന്റെ സ്വതന്ത്ര ധനവിനിയോഗത്തിന് വിഘാതമാകുന്ന തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഈയടുത്ത് ഗണ്യമായി വർദ്ധിപ്പിച്ചതുമൂലം, സംസ്ഥാനത്തിന്റെ പരിമിത വിഭവം വലിയതോതിൽ ഇവയ്ക്കായി നീക്കി വയ്ക്കുവാൻ നിർബന്ധിതമാകുകയാണ്. ഇതിന് പകരമായി, കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് നിശ്ചിത ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തപ്പെടുത്തി ഗ്രാന്റുകളായി കൈമാറിയാൽ സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്ക് ഉതകുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രാപ്തിയിൽ എത്തിക്കുവാനാകും.

ഈ സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പുനരാവിഷ്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ അയവുകൾ വരുത്തുവാൻ തയ്യാറാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ശ്രീ. വി. പി. സജീന്ദ്രൻ പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചു സംസാരിച്ചു.

താഴെപ്പറയുന്ന അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. സി. കെ. ഹരീന്ദ്രൻ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മത്സ്യബന്ധനവും, ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ മറുപടി പറഞ്ഞു. പ്രമേയം ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതിയോടെ സഭ അംഗീകരിച്ചു:

ഒന്നാം ഖണ്ഡികയിൽ രണ്ടാമത്തെ വാചകത്തിൽ "കാർഷിക" എന്ന വാക്കിന് ശേഷം "ജലസംരക്ഷണ" എന്ന വാക്കും മൂന്നാമത്തെ വാചകത്തിൽ "എസ്സ്.എസ്സ്.എ." എന്നതിനുശേഷം "പി.എം.കെ.എസ്.വൈ." എന്നും ചേർക്കുക.

2019 നവംബർ 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 12.30-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Sixteenth Session**

# BULLETIN—PART I

( Brief Record of Proceedings )

*Friday, November 8, 2019*

**No. 191**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

After hearing the Chief Minister the Speaker withheld consent to the moving of an Adjournment motion given notice of by Shri V. D. Satheesan and three other Members regarding the serious situation created due to the fear and apprehension among the traders in the State consequent to the suicide of a trader after receiving tax due notice which was calculated wrongly.

(In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.)

*Calling Attention* :

(1) Shri C. Divakaran called the attention of the Chief Minister to the necessity to take urgent steps to survey the land handed over to the Central PSUs in the State to retrieve the unused land. The Chief Minister made a statement thereto.

(2) Shri K. S. Sabarinadhan called the attention of the Minister for Health, Social Justice and Women and Child Development to the under utilisation of different services rendered through Anganawadis in the State due to the fall in the number of admissions of children. The Minister made a statement thereto.

KNPP. 1465/2019. (ii).

*The Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. രാജൻ | വെള്ളാനിക്കര സി.എച്ച്.സി. കുടുംബാരോഗ്യകേന്ദ്രമാക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി |
| 2 | ശ്രീ. എം. സ്വരാജ് | ബി.എസ്.എൻ.എൽ.-ലെ കരാർ തൊഴിലാളികൾക്ക് വേതനം ലഭിക്കാത്തത് | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. എൻ. ഷംസീർ | തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പമന്ത്രി |
| 4 | ശ്രീ. അൻവർ സാദത്ത് | പുറയാർ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി |

The Ministers concerned made statements on the respective subjects.

*Government Resolution (Rule 118)* :

Shri A. K. Saseendran, Minister for Transport moved a resolution under rule 118 as given below:

കേരളത്തെയും കർണാടകയേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച്. 766. ഈ പാതയിൽ 2009 മുതൽ രാത്രികാല ഗതാഗതം നിരോധിച്ചിരിക്കുകയാണ്. വന്യമൃഗങ്ങളുടെ സ്വൈര വിഹാരത്തിന് തടസ്സം ഉണ്ടാകുന്നു എന്ന പേരിലാണ് മനുഷ്യരുടെ യാത്രാ സ്വാതന്ത്ര്യവും സൗകര്യവും തടഞ്ഞത്. ഇതുമൂലം വയനാട് ജില്ലയിലെ ബത്തേരി താലൂക്കിലുള്ള ജനങ്ങൾക്ക് ഗുണ്ടൽപേട്ട, മൈസൂർ എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്യണമെങ്കിൽ 100 കിലോമീറ്ററോളം അധികം യാത്ര ചെയ്യേണ്ടി വരുന്നു. ഗുണ്ടൽപേട്ട, നഞ്ചൻകോഡ്, കൊല്ലഗൽ മേഖലകളിൽ നിന്ന് ഇരുപതിനായിരത്തിൽ അധികം തൊഴിലാളികൾ തോട്ടം, നിർമ്മാണ മേഖലകളിൽ വയനാട്, കോഴിക്കോട്, മലപ്പുറം

ജില്ലകളിലായി ജോലി ചെയ്യുന്നു. പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ, നിർമ്മാണസാമഗ്രികൾ തുടങ്ങി പല ഉൽപ്പന്നങ്ങളും കേരളത്തിൽ നിന്നും കർണാടകത്തിലേക്കും തിരിച്ചും കൊണ്ടുപോകാൻ ഉപയോഗിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച്. 766.

നാല് ചുരങ്ങൾക്ക് മുകളിൽ സ്ഥിതിചെയ്യുന്ന ജില്ലയാണ് വയനാട്. കാലവർഷ ദുരന്തം ഉണ്ടാകുന്നവേളയിൽ ഒറ്റപ്പെടുന്ന വയനാട്ടിലേക്ക് ദുരിതാശ്വാസ പ്രവർത്തകർക്ക് എത്തിപ്പെടാനുള്ള സമതലത്തിലൂടെയുള്ള ഏക ഗതാഗത മാർഗ്ഗമാണ് എൻ.എച്ച്. 766. റെയിൽ ഗതാഗതമോ, ജലപാതയോ, വ്യോമഗതാഗതമോ ഒന്നുമില്ലാത്ത വയനാട്ടിൽ എൻ.എച്ച്. 766 ജനങ്ങളുടെ നിലനിൽപ്പിനുള്ള പാത കൂടിയാണ്.

ഈ സാഹചര്യത്തിൽ കേരള സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കുകയും രാത്രിയാത്രാനിരോധനം പിൻവലിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ബഹു. കോടതി ഈ കേസ് പരിഗണിച്ച് വരികയുമാണ്. ഇതിനിടയിൽ ബന്ദിപ്പൂർ വനമേഖലയിൽ 25 കിലോമീറ്ററിനുള്ളിൽ 5 ആകാശ പാതകൾ നിർമ്മിക്കുകയും ബാക്കി സ്ഥലങ്ങളിൽ റോഡിനിരുവശവും കമ്പിവേലി നിർമ്മിക്കുകയും ചെയ്താൽ രാത്രിയാത്രാ നിരോധനം പിൻവലിക്കാൻ കഴിയും എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ച വിദഗ്ധ സമിതിയുടെ യോഗത്തിൽ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ നിർദേശം സമർപ്പിച്ചിരുന്നു. ഈ പ്രോജക്ടിന് ഏകദേശം 500 കോടി രൂപയോളം ചെലവ് വരുമെന്നും ഈ തുക ദേശീയപാത വിഭാഗവും കേരളവും സംയുക്തമായി വഹിക്കണമെന്നും നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ ബജറ്റിൽ 250 കോടി രൂപ നീക്കി വച്ചിട്ടുള്ളതുമാണ്.

എന്നാൽ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ സുപ്രീം കോടതിയിൽ കേസ് പരിഗണനയ്ക്ക് വന്നപ്പോൾ ഈ പാത പകൽസമയവും അടച്ച് സംസ്ഥാന ഹൈവേ 90-ഉം 275-ഉം വികസിപ്പിച്ച് എൻ.എച്ച്. 766-ന് ബദൽപ്പാതയായി ഉപയോഗിച്ചുകൂടേയെന്ന് ചോദിച്ച ബഹു. കോടതി ഇതുസംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദേശം സത്യവാങ്മൂലമായി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. കേരള-തോൽപ്പെട്ടി വന്യജീവി സങ്കേതത്തിലൂടെയും കർണാടകയിലെ നാഗർഹോള ടൈഗർ റിസ്സർവ്വിലൂടെയും കടന്നുപോകുന്ന സംസ്ഥാന ഹൈവേ 275 ബദൽപ്പാതയല്ല വനത്തിലൂടെ തന്നെയുള്ള മറ്റൊരു പാതയാണ്. കഴിഞ്ഞ പത്തുവർഷമായി ദേശീയപാത 766-ൽ നിലനിൽക്കുന്ന രാത്രിയാത്ര നിരോധനം പകൽ കൂടി ഉണ്ടായേക്കുമെന്ന തരത്തിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ വയനാട്ടിലെ ജനങ്ങൾക്കിടയിൽ ആകെ അസ്വസ്ഥതയും പ്രതിഷേധവും സൃഷ്ടിച്ചിട്ടുണ്ട്.

1465/19(ii)

ദേശീയ പാത 766-ലൂടെയുള്ള ജനങ്ങളുടെ യാത്രാ അവകാശം സംരക്ഷിക്കാനും വന്യമൃഗങ്ങളുടെ സ്വൈരവിഹാരം ഉറപ്പുവരുത്താനും ബദൽ നിർദ്ദേശങ്ങൾ കണ്ടെത്തണമെന്ന കേരളത്തിന്റെ അഭിപ്രായം മുഖ്യമന്ത്രി കേന്ദ്ര മന്ത്രിമാരുമായി പങ്കുവച്ചിട്ടുള്ളതാണ്. വാഹനങ്ങൾ കടന്നു പോകുന്ന ഇന്ത്യയിലെ അമ്പതോളം കടുവാ സങ്കേതങ്ങളിലൊന്നും കൊണ്ടുവരാത്ത നിയന്ത്രണം ഈ ദേശീയ പാതയിൽ മാത്രം കൊണ്ടുവരുന്നത് തികഞ്ഞ ജനദ്രോഹവും വിവേചനവുമാണ്. കേരളത്തിന്റെ നിർദ്ദേശങ്ങൾ പരിശോധിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയമിക്കാമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി മുഖ്യമന്ത്രിയ്ക്ക് ഉറപ്പുനൽകിയിരുന്നുവെങ്കിലും ഇതുവരെയും പ്രസ്തുത സമിതി രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വയനാട്ടിലെയും മലബാറിലെയും ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പുവരുത്താനും നിലവിലുള്ള യാത്രാ നിരോധനം നീക്കുവാനും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

Then the House passed the resolution.

*Presentation of Reports* :

Shri Pinarayi Vijayan, Chief Minister and Chairman, Subject Committee-XIV presented the Reports of the Committee on The Non-Resident Keralites' Welfare (Amendment) Bill, 2019, The Kerala Police (Amendment) Bill, 2019 and The Kerala Prevention of Damage to Private Property and Payment of Compensation Bill, 2019.

*Private Members' Business* :

(1) The Seventeenth Report of the Committee on Private Members' Bills and Resolutions was adopted by the House.

(2) Resolution on matters of general public interest.

Shri Mathew T. Thomas moved the following resolution and spoke:

സംസ്ഥാന/പ്രാദേശിക സർക്കാർ തലങ്ങളിൽ നടപ്പിലാക്കപ്പെടേണ്ടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ നിശ്ചയിക്കപ്പെടുന്നത് സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളെ നിറവേറ്റുന്നതിൽ വലിയ തോതിൽ പരിമിതികൾ സൃഷ്ടിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും തുലോം വിഭിന്നമായ കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക മേഖലകളിൽ നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സമ്പൂർണ്ണ നേട്ടം കൈവരിക്കാനാകാതെ വരുന്നത് കേന്ദ്ര മാനദണ്ഡങ്ങളുടെ അയവില്ലായ്മ മൂലമാണ്. എൻ.എച്ച്.എം., എസ്സ്.എസ്സ്.എ. പദ്ധതികൾ ഫലപ്രദമാക്കുന്നതിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൃഷി, കൃഷി അനുബന്ധ ഉത്പാദന മേഖലകളുമായി സംയോജിപ്പിച്ച് വലിയ നേട്ടം കൈവരിക്കുന്നതിലും തടസ്സങ്ങൾ നേരിടുകയാണ്.

സംസ്ഥാനത്തിന്റെ സ്വതന്ത്ര ധനവിനിയോഗത്തിന് വിഘാതമാകുന്ന തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഈയടുത്ത് ഗണ്യമായി വർദ്ധിപ്പിച്ചതുമൂലം, സംസ്ഥാനത്തിന്റെ പരിമിത വിഭവം വലിയതോതിൽ ഇവയ്ക്കായി നീക്കി വയ്ക്കുവാൻ നിർബന്ധിതമാകുകയാണ്. ഇതിന് പകരമായി, കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് നിശ്ചിത ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തപ്പെടുത്തി ഗ്രാന്റുകളായി കൈമാറിയാൽ സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്ക് ഉതകുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രാപ്തിയിൽ എത്തിക്കുവാനാകും.

ഈ സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പുനരാവിഷ്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ അയവുകൾ വരുത്തുവാൻ തയ്യാറാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

Shri E. K. Vijayan seconded the resolution and spoke. Shri V. P. Sajeendran moved an amendment to the resolution and spoke.

The following Members also took part in the discussion:

Shri T. V. Ibrahim

Shri C. K. Hareendran

Smt. J. Mercykutty Amma, Minister for Fisheries, Harbour Engineering and Cashew Industry replied to the points raised during the discussion. The resolution was adopted with the following amendment proposed by Shri Mathew T.Thomas.

ഒന്നാം ഖണ്ഡികയിൽ രണ്ടാമത്തെ വാചകത്തിൽ "കാർഷിക" എന്ന വാക്കിന് ശേഷം "ജലസംരക്ഷണ" എന്ന വാക്കും മൂന്നാമത്തെ വാചകത്തിൽ "എസ്സ്.എസ്സ്.എ." എന്നതിനുശേഷം "പി.എം.കെ.എസ്.വൈ." എന്നും ചേർക്കുക.

The House adjourned at 12.30 p.m. to meet again at 9.00 a.m. on Monday November 11, 2019.

S. V. UNNIKRISHNAN NAIR,
*Secretary.*